## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2026** 7.03.2017-ൽ മറുപടിയ്ക്ക്

## കച്ചവട സ്ഥാപനങ്ങൾ റോഡ് കൈയ്യേറുന്നത് നിയന്ത്രിക്കുന്നതിന് നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ: | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | റോഡിലേക്ക് വ്യാപിക്കുകയും പൊതുഗതാഗതത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന ലൈസൻസുള്ള കച്ചവട സ്ഥാപന ഉടമകളെ നിയന്ത്രിക്കുന്നതിന് ഏതെങ്കിലും നിയമം നിലവിലുണ്ടോ; | (എ) | സർക്കാർ ഉത്തരവ് (കൈ)നം.63/16/പൊ.മ.വ തീയതി, തിരുവനന്തപുരം 03.09.2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച സംരക്ഷിച്ചു കൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. |
| (ബി) | കച്ചവട സ്ഥാപനങ്ങൾ റോഡ് കൈയ്യടക്കുന്നത് വ്യാപകമായതിനാൽ, കാൽനടയാത്രക്കാർക്കുണ്ടാകുന്ന പ്രശ്ന പരിഹാരത്തിനും റോഡുസുരക്ഷ ഉറപ്പുവരുത്തുന്നതിനും പൊതുമരാമത്ത് തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ്, മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ്, നിയമ വകുപ്പ് എന്നീ വകുപ്പുകളുമായാലോചിച്ച് നിയമ നിർമ്മാണം നടത്തുമോ? | (ബി) | കച്ചവട സ്ഥാപനങ്ങൾ റോഡ് കൈയ്യടക്കുന്നത് വ്യാപകമായതിനാൽ കാൽനട യാത്രക്കാർക്കുണ്ടാകുന്ന പ്രശ്ന പരിഹാരത്തിനും റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനും,വിവിധ വകുപ്പുകളിലെ മേലദ്ധ്യക്ഷന്മാരുമായി കൂടിയാലോചന നടത്തി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ